# രക്ഷയുടെ പാതയിൽ



# ഈശോയെ അനുഭവിച്ച ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

6

# ഉള്ളടക്കം

1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേണ്ടി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

# പാഠം 6



# പാപികളെ തേടിവന്ന ഈശോ

- അവൻ തീരുമാനിച്ചു. ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേയ്ക്കു പോകും. ഞാൻ അവനോടു പറയും. “പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കേണമെ.
- അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന അതിരറ്റ കാരുണ്യം പ്രകടമാക്കാനാണ് ഈശോ ഈ ഉപമ അരുളിച്ചെയ്തത്. ധൂർത്തപുത്രന്റെ ഉപമ എന്നറിയപ്പെടുന്ന ഈ ഉപമയിലൂടെ ഈശോ വെളിവാക്കിത്തരുന്നത് പാപികളുടെ തിരിച്ചുവരവിനെ ക്ഷമയോടെ കാത്തിരിക്കുകയും അനുതപിക്കുന്നവരുടെ മേൽ കരുണ കാണിക്കുകയും ചെയ്യുന്ന ദൈവപിതാവിന്റെ വലിയ സ്നേഹമാണ്.

# നഷ്ടപ്പെട്ടുപോയ ആടിന്റെ ഉപമ

നഷ്ടപ്പെട്ട ആടിനെ തേടിവരുന്ന നല്ലിടയനാണ് ഈശോ.
അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊമ്പതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും. എന്ന് ഞാൻ നിങ്ങളോടു പറയുന്നു.
അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിലുണ്ടാകുന്ന സന്തോഷം വളരെ വലുതാണെന്നും ഈശോ ഇതിലൂടെ വ്യക്തമാക്കി.
ഇതുപോലെയുള്ള സന്തോഷമാണ് പാപിയായ ഒരുവ്യക്തി അനുതപിച്ച് ദൈവത്തിലേയ്ക്ക് തിരിച്ചു ചെല്ലുമ്പോൾ സ്വർഗ്ഗത്തിൽ ഉണ്ടാകുന്നത്.

പാപികളെ തേടിവന്ന ഈശോ

## പാപിനിക്കു മോചനം

- ശിമയോൻ തന്നോടൊത്തു ഭക്ഷണം കഴിക്കാൻ ഈശോയെ ക്ഷണിച്ചു. ആ പട്ടണത്തിലെ പാപിനിയായ ഒരുവൾ ഈശോ ഫരിസേയന്റെ വീട്ടിൽ ഭക്ഷണത്തിനിരിക്കുന്നുവെന്നറിഞ്ഞ്, ഒരു വെൺക്കൽഭരണി നിറയെ സുഗന്ധതൈലവുമായി അവിടെ വന്നു. കണ്ണീരുകൊണ്ട് അവൾ അവന്റെ പാദങ്ങൾ കഴുകുകയും തലമുടികൊണ്ടു തുടയ്ക്കുകയും ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തു.
- ഈശോ അവനോടു പറഞ്ഞു "ശിമയോനെ, എനിക്കു നിന്നോട് ഒരു കാര്യം പറയാനുണ്ട്. ഗുരോ അരുളിചെയ്താലും. "ഒരു ഉത്തമർണന് രണ്ടു കടക്കാരുണ്ടായിരുന്നു. ഒരുവൻ അഞ്ഞൂറും മറ്റവൻ അൻപതും ദനാറ കടപ്പെട്ടിരുന്നു.
- വീട്ടാൻ കഴിവില്ലാത്തതുകൊണ്ട് ഇരുവർക്കും അവർ ഇളച്ചുകൊടുത്തു. ആ രണ്ടുപേരിൽ ആരാണ് അവനെ കൂടുതൽ സ്നേഹിക്കുക?" "കൂടുതൽ ഇളവു ലഭിച്ചവൻ" എന്ന് ശിമയോൻ പറഞ്ഞു. "ഈശോ പറഞ്ഞു നീ ശരിയായിതന്നെ വിധിച്ചു. "നീ ഈ സ്ത്രീയെ കാണുന്നല്ലോ. ഞാൻ നിന്റെ വീട്ടിൽ വന്നു; കാലുകഴുകുവാൻ നീ എനിക്കു വെള്ളം തന്നില്ല. എന്നാൽ ഇവൾ കണ്ണീരുകൊണ്ട് എന്റെ കാലു കഴുകുകയും തലമുടികൊണ്ട് തുട യ്ക്കുകയും ചെയ്തു. നീ എനിക്കു ചുംബനം തന്നില്ല. എന്നാൽ ഞാൻ ഇവിടെ പ്രവേശിച്ചതുമുതൽ എന്റെ പാദങ്ങൾ ചുംബിക്കുന്നതിൽ നിന്ന് ഇവൾ വിരമിച്ചിട്ടില്ല. നീ എന്റെ തലയിൽ തൈലം പൂശിയില്ല. ഇവളോ എന്റെ പാദങ്ങളിൽ സുഗന്ധതൈലം പൂശിയിരിക്കുന്നു. ഞാൻ നിന്നോടു പറയുന്നു. ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു. ആരോട് അല്പം ക്ഷമിക്കപ്പെടുന്നുവോ അവൻ അല്പം സ്നേഹിക്കുന്നു.

# വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ

- വ്യഭിചാരത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ നിയമജ്ഞരും ഫരിസേയരും കൂടെ അവിടുത്തെ പക്കൽ കൊണ്ടുവന്നത്. അവർ അവനോടു പറഞ്ഞു. “ഗുരോ ഈ സ്ത്രീ വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവളാണ്. ഇങ്ങനെയുള്ളവരെ കല്ലെറിയണമെന്നാണ് മോശ നിയമത്തിൽ കല്പിച്ചിരിക്കുന്നത്. നീ എന്തുപറയുന്നു.
- “നിങ്ങളിൽ പാപമില്ലാത്തവൻ ആദ്യം ഇവളെ കല്ലെറിയട്ടെ” സ്ത്രീയേ, ആരും നിന്നെ വിധിച്ചില്ലേ? ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക ഇനിമേൽ പാപം ചെയ്യരുത്.
- പാപികളെ തേടിയെത്തുകയും പാപമോചനം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്ന ഈശോ ആവരോട് ഒരു കാര്യം കൂടി ആവശ്യപ്പെടുന്നുണ്ട്. “മേലിൽ പാപം ചെയ്യരുത്”

## എന്റെ തീരുമാനം

പാപത്തിൽ വീണാൽ എത്രയും
വേഗം ഞാൻ
അനുരഞ്ജനകൂദാശ
സ്വീകരിക്കും.


വഴികാട്ടാൻ ഒരു തിരുവചനം
“അനുതാപം ആവശ്യമില്ലാത്ത
തൊണ്ണൂറ്റൊൻപതു
നീതിമാന്മാരെക്കുറിച്ച്
എന്നതിനേക്കാൾ
അനുതപിക്കുന്ന ഒരു
പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ
കൂടുതൽ സന്തോഷമുണ്ടാകും.
(ലൂക്കാ 15:7)